<u>മി. സ്പീക്കർ</u>: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *121

<u>ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം</u>

1 (*121) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. സി. മമ്മൂട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഗവേഷണ രീതിയുടെ ഗുണനിലവാരത്തിലും പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പാഠ്യപദ്ധതിയിലും അടിസ്ഥാന സൗകര്യ വികസനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് അനിവാര്യമെന്ന് കരുതുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ധാരാളം എഞ്ചിനീയറിംഗ് സ്ഥാപനങ്ങളുണ്ടെങ്കിലും ഒട്ടുമിക്ക സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദ പദ്ധതികളോ ഗവേഷണത്തിനുള്ള സൗകര്യങ്ങളോ ഇല്ലാത്തതാണ് സാങ്കേതിക വിദ്യാഭ്യാസ

മേഖലയുടെ സമഗ്ര വികസനത്തിന് തടസ്സമാകുന്നതെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സൗകര്യങ്ങളൊരുക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് ഇത്തരം സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുമായി എന്തെല്ലാം മാറ്റങ്ങളാണ് ഈ രംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്ത് ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് ബിരുദ, ബിരുദാനന്തര തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ

വിപുലപ്പെടുത്തുകയും വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക് സ്ഥാപനങ്ങളിലെ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, ഗവേഷണ ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് നടത്തുന്നതിനായി അസാപ്പ് മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ "പുനർജ്ജനി" പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത സാങ്കേതിക

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യവസായ മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് Trivandrum Engineering Science and Technology Research Park (TREST)-ഉം ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രൊഡക്ട് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബു ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രധാന ഗവേഷണ പദ്ധതികളാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സ്റ്റുഡൻസ് സാറ്റലൈറ്റ് രൂപകല്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence Nodal Centre, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence

in System, Energy & Environment ഇവ സ്ഥാപിച്ച് പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി. കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ ഏഷ്യയിലെ ഏറ്റവും നല്ല ഐ.ഇ.ഇ.ഇ. (IEEE) സ്റ്റുഡന്റ് ചാപ്റ്റർ ആയി തെരഞ്ഞെടുത്തു.

ബിരുദാനന്തര ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സാദ്ധ്യമാക്കാൻ ബാംഗ്ലൂർ ഐ.ഐ.എസ്.സി. (IISC)-ലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മിസ് അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനും സർവ്വകലാശാലകളിലെ പ്രൊ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രഡിറ്റേഷൻ

നൽകുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC) രൂപീകരിച്ചു.

(ഇ) പാലക്കാട് ഐ.ഐ.ടി. ക്യാമ്പസിനാവശ്യമായ സ്ഥലമെടുപ്പ് (504.54 ഏക്കർ) അവസാന ഘട്ടത്തിലാണ്. 18 ഹെക്ടറിന് ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാത്തതു കാരണമാണ് താമസം അനുഭവപ്പെട്ടിട്ടുള്ളത്. ആയത് സത്വരമാക്കാൻ 25.03.2019-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിലേയ്ക്ക് ക്ലിയറൻസിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടി CPWD മുഖേന ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറി ബ്ലോക്കിന്റെയും ട്രാൻസിറ്റ് ക്യാമ്പസിന്റെയും നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നമ്മുടെ സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ പത്ത് ശതമാനം വിദ്യാർത്ഥികൾക്കുപോലും ഗവൺമെന്റ്/എയ്ഡഡ് മേഖലകളിൽ അഡ്മിഷൻ ലഭിക്കുന്നില്ല. ഇപ്പോഴുള്ള എല്ലാ സ്വാശ്രയ കോളേജുകളിലേയും സീറ്റുകൾ കൂട്ടിയാൽപ്പോലും ജയിക്കുന്ന വളരെയധികം വിദ്യാർത്ഥികൾ

പുറത്തുനിൽക്കുകയാണ്. മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ അന്തർദേശീയ തലത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകളൊന്നും ആരംഭിക്കുന്നതുമില്ല. ഇവിടങ്ങളിലൊക്കെ പരമ്പരാഗത കോഴ്സുകൾ മാത്രമാണുള്ളത്. ന്യൂജെൻ കോഴ്സുകളായ ജിയോളജി, മൈക്രോ ബയോളജി, ഫുഡ് ടെക്നോളജി, മാസ് കമ്മ്യൂണിക്കേഷൻ തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതിന് ഇവിടെ ലാബ് സൗകര്യമില്ലാത്തതിനാൽ ഗവൺമെന്റ് കോളേജുകളിൽ ഇതിന് സീറ്റ് കിട്ടുന്നില്ല. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ട അവസ്ഥ വരികയാണ്. ഇതൊഴിവാക്കാനായി സർക്കാർ കോളേജുകളിൽ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുമോ; ഇത്തരം കോഴ്സുകൾ നടത്തുന്നതിന് എല്ലാ സൗകര്യങ്ങളുമുള്ള സ്വാശ്രയ മേഖലയിലെ കോളേജുകളിലും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും പുതിയ കോഴ്സ് ആരംഭിക്കുന്നതിനുള്ള പെർമിഷൻ നൽകുമോ; അതിനെക്കുറിച്ച് സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനമെന്താണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പ്ലസ് ടു അല്ലെങ്കിൽ പഴയ പ്രീഡിഗ്രി പാസ്സാകുന്ന എല്ലാ വദ്യാർത്ഥികൾക്കും ഉന്നതവിദ്യാഭ്യാസം, ഡിഗ്രിയും പോസ്റ്റ്

ഗ്രാജ്വേഷനും ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുകാലത്തും ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ ഉണ്ടായിരുന്നില്ല. ഇപ്പോഴും ആ ഡിസ്പാരിറ്റി തുടർന്നുകൊണ്ടിരിക്കുകയാണ്. അത് അവസാനിപ്പിക്കുന്നതിനു വേണ്ടിയാണ് നേരത്തെയുള്ള പ്രൈവറ്റ് രജിസ്ട്രേഷനും പിന്നീടുവന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സിസ്റ്റവും ഇനി വരാൻ പോകുന്ന ഓപ്പൺ യൂണിവേഴ്സിറ്റി സമ്പ്രദായവും ലക്ഷ്യമിടുന്നത്. എന്നാലും പരമാവധി മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ പ്രവേശനം ലഭിച്ച് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. തീർച്ചയായും അതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകും.

ന്യൂജെൻ കോഴ്സുകളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ അദ്ധ്യയനവർഷം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ എഞ്ചിനീയറിംഗ്, ഡിസൈൻ എഞ്ചിനീയറിംഗ്, ഫുഡ് ടെക്നോളജി എന്നീ നാല് കോഴ്സുകൾ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിക്കുകയാണ്. ഏറ്റവും മികച്ച എൻ.ബി.എ. അക്രഡിറ്റേഷനുള്ള എഞ്ചിനീയറിംഗ് കോളേജുകളിലാണ് അത് ആരംഭിക്കുന്നത്. തീർച്ചയായും ഇത് മറ്റ് സ്ഥാപനങ്ങളിലേയ്ക്കും

ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റിന് ഒരു മടിയുമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നമ്മുടെ സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. അങ്ങിവിടെ ഇപ്പോഴും പറയുകയുണ്ടായി. ഇതുവരെയും അതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലൊരു ഓപ്പൺ യൂണിവേഴ്സിറ്റി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; നമ്മുടെ സർവ്വകലാശാലകളിൽ ഏറ്റവുമധികം അഫിലിയേഷനുള്ള സർവകലാശാലകളിലൊന്നാണ് കോഴിക്കോട് സർവകലാശാല. ഇതിന്റെ പ്രവർത്തന വൈപുല്യം സർവകലാശാലയുടെ പ്രവർത്തനത്തെതന്നെ ബാധിക്കുന്നുണ്ട്. അത് വിദ്യാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി പാലക്കാട്-തൃശ്ശൂർ ജില്ലകളെ ചേർത്തുക്കൊണ്ട് പുതിയൊരു സർവകലാശാല ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിന്റെ അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷൻ ഇന്ന് സർക്കാരിന് റിപ്പോർട്ട്

നൽകും. ഈ വർഷംതന്നെ അതിന്റെ എല്ലാ നടപടികളും പൂർത്തിയാക്കി 2020-2021 അദ്ധ്യയനവർഷം നമ്മുടെ സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്.

ഡോ. എം. കെ. മുനീറിനുവേണ്ടി (പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ): സർ, ടെക്നിക്കൽ എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് കോഴിക്കോട് സർവകലാശാലയുടെ കീഴിൽ എഞ്ചിനീയറിംഗ് കോളേജും നടത്തുന്നുണ്ട്. അതിനിതുവരെ, 2019-20 വർഷത്തിൽ, എ.ഐ.സി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. അത് ലഭിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള യൂണിവേഴ്സിറ്റിയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായ ഒരു പ്രശ്നമുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട സാലറി ചലഞ്ചിന് കേരള യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക സംഘടനക്കാരുടെ ഒരു വിസമ്മതപത്രം വന്നിരുന്നു. അതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച ഒരു സബ്മിഷന് മറുപടിയായി, അദ്ധ്യാപക സംഘടനക്കാർ സഭ്യേതരമല്ലാത്ത ഭാഷയിൽ മറുപടി നൽകിയതുകൊണ്ട് അവർക്കെതിരെ നടപടിയുണ്ടാകണമെന്ന് അങ്ങിവിടെ പറഞ്ഞിരുന്നു. അവർക്കെതിരെ

എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; അവരുടെ റിപ്പോർട്ടിൽ സഭ്യേതരമല്ലാത്ത ഭാഷകളൊന്നും ഞാൻ കണ്ടില്ല. അങ്ങനെയാണെങ്കിൽ ഒന്നുകിൽ ആ വാക്ക് പിൻവലിക്കാൻ കഴിയുമോ; അല്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിഭജിച്ച് പുതിയൊരു യൂണിവേഴ്സിറ്റിയുണ്ടാക്കണമെന്നുള്ള ഒരു നിർദ്ദേശം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിന്റെ ആവശ്യം ഇനിയുണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി എല്ലാ യൂണിവേഴ്സിറ്റികളിലേയും പ്രൈവറ്റ് രജിസ്ട്രേഷൻ മുഴുവനും, ഇപ്പോൾ ഡിസ്റ്റൻസ് മോഡിലുള്ള എല്ലാ വിദ്യാർത്ഥികളും ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറുകയാണ്. അതോടുകൂടി എല്ലാ സർവകലാശാലകൾക്കും വലിയ ഭാരമാണ് ഒഴിയുന്നത്. എന്നാൽ ഓരോ സർവകലാശാലയിലേയും ഡിസ്റ്റൻസ് എഡ്യുക്കേഷൻ സെന്ററുകൾ റീജിയണൽ സെന്ററുകളാക്കിയാണ് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കാനുദ്ദേശിക്കുന്നത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇപ്പോൾ നടന്നുവരുന്ന എഞ്ചിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.-യുടെ അംഗീകാരം

ലഭിച്ചിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും അക്കാര്യം യൂണിവേഴ്സിറ്റി പരിശോധിച്ചുവരികയാണ്. അതിന്റെ ഇപ്പോഴത്തെ പൊസിഷൻ എന്താണെന്നുള്ളത് അന്വേഷിച്ചതിനുശേഷം അറിയിക്കാം.

കേരള യൂണിവേഴ്സിറ്റിയിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥന്മാർക്കെതിരെ എടുത്ത നടപടിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെയും പ്രസന്റ് സ്റ്റാറ്റസ് എന്താണെന്നുള്ളത് അന്വേഷിച്ച് അറിയിക്കുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് മന്ത്രിയുടെ മറുപടിയിൽ ഇപ്പോഴും വ്യക്തമായി വന്നിട്ടില്ല. അതുപോലെതന്നെ സാങ്കേതിക വിദ്യാഭ്യാസരംഗത്തും വലിയ സൗകര്യങ്ങൾ വരേണ്ടതുണ്ട്. കേരളത്തിലെ 181 എഞ്ചിനീയറിംഗ് കോളേജുകളിൽ 12 കോളേജുകൾ മാത്രമാണ് എയ്ഡഡ്/സർക്കാർ മേഖലയിലുള്ളത്. മലപ്പുറം, കാസർഗോഡ് ജില്ലയടക്കമുള്ള ഒരു ജില്ലയിലും സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു എഞ്ചിനീയറിംഗ് കോളേജ് പോലുമില്ല. കേരളത്തിൽ തന്നെ ഏറ്റവുമധികം ജനസംഖ്യയും അതുപോലെതന്നെ സ്റ്റുഡൻസ് എൻറോൾമെന്റുമുള്ള മലപ്പുറം ജില്ലയിൽ ഒരു

എഞ്ചിനീയറിംഗ് കോളേജുപോലും ഗവൺമെന്റ് സെക്ടറിലുമില്ല, എയ്ഡഡ് സെക്ടറിലുമില്ല. കുട്ടികൾ മുഴുവൻ പഠിക്കാൻ സെൽഫ് ഫിനാൻസ് കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഇത് വലിയൊരു അപര്യാപ്തതയും ഇംബാലൻസുമാണ്. അതോടൊപ്പംതന്നെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഗവേഷണത്തിനുള്ള സൗകര്യം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. 'നാക്' അക്രഡിറ്റേഷന്റെ കേരളത്തിലെ സർവ്വകലാശാലകളെക്കാളും വളരെ മുന്നിലുള്ള മറ്റ് സർവ്വകലാശാലകളിൽപ്പോലും ഈ ഗവേഷണത്തിന് ഗൈഡ്ഷിപ്പ് കൊടുക്കുന്നുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിലും റിട്ടയർ ചെയ്ത അദ്ധ്യാപകർക്കും ഗൈഡ്ഷിപ്പ് കൊടുക്കാത്ത ഒരു സംവിധാനമുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ ഗൈഡ്ഷിപ്പ് കൊടുക്കാനും റിട്ടയർ ചെയ്ത അദ്ധ്യാപകർക്കുംകൂടി ഗൈഡ്ഷിപ്പ് കൊടുക്കാനുള്ള സൗകര്യം ലഭ്യമാക്കുകയും കേരളത്തിലെ പതിനായിരത്തോളം വരുന്ന കോളേജ് അദ്ധ്യാപകർക്ക് ഇനിയും പി.എച്ച്.ഡി.ക്ക് സൗകര്യം കിട്ടുന്ന വിധത്തിലുള്ള ക്രമീകരണം വരുത്തുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. കെ. ടി. ജലീൽ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ

സംസ്ഥാനത്ത് നിലനിൽക്കുന്ന അപര്യാപ്തത പുതിയതായി ഉണ്ടായിട്ടുള്ള ഒരു പ്രതിഭാസമല്ല. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മലപ്പുറത്ത് ഇല്ലായെന്നുള്ള പരാതി ഈ കഴിഞ്ഞ രണ്ടോ മൂന്നോ വർഷമായി നിലനില്ക്കുന്നതുമല്ല; കാലങ്ങളായി നിലനില്ക്കുന്നതാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി തീർച്ചയായും ഈ സർക്കാർ ശ്രമിക്കും. പുതിയ കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും പുതിയ കോഴ്സുകൾ നിലവിലുള്ള കോളേജുകളിൽ തുടങ്ങുന്നതിനെക്കുറിച്ചുമൊക്കെ ഗവൺമെന്റ് സഗൗരവം ആലോചിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ സാമ്പത്തിക വർഷം എല്ലാ സൗകര്യങ്ങളുമുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി തത്വത്തിൽ തീരുമാനമെടുത്തിരിക്കുന്നത്. യൂണിവേഴ്സിറ്റികൾ സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് അക്കാര്യത്തിലുള്ള തീരുമാനം ഗവൺമെന്റ് എടുക്കുന്നതാണ്. രണ്ടാമത്തെ കാര്യം, യൂണിവേഴ്സിറ്റിയിൽ നിന്ന് റിട്ടയർ ചെയ്യുന്ന അദ്ധ്യാപകർക്ക് ഗൈഡ്ഷിപ്പ് നിലനിർത്താനുള്ള സാഹചര്യം കേരളത്തിലില്ലായെന്നുള്ളതാണ്. അതിന് ചില സാങ്കേതിക പ്രശ്നങ്ങൾ പറയുന്നുണ്ട്. അത് പരിശോധിച്ചതിനുശേഷം സാധിക്കുമെങ്കിൽ തീർച്ചയായും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, സമഗ്രമായ പരിഷ്കരണത്തിന് വിധേയമാകേണ്ട മേഖലയാണ് ഉന്നത വിദ്യാഭ്യാസമേഖല. നമുക്കറിയാം, ഇപ്പോൾ ഡിഗ്രി പാസ്സായി പുറത്തുപോയിക്കഴിഞ്ഞാൽ ഒരു ജോലിക്കോ ഇന്റർവ്യൂവിനോ പോകുകയാണെങ്കിൽ ക്വാളിഫൈഡാണെങ്കിലും കോമ്പീറ്റന്റാകുന്നില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള നൂതനമായ കോഴ്സുകൾ, പരമ്പരാഗതമായി പ്ലസ് ടു പാസ്സായി കഴിഞ്ഞാൽ ഡിഗ്രിക്ക് പോകുക, കോഴ്സ് കഴിഞ്ഞ് പുറത്തുവന്നാൽ ഒന്നിനും കൊള്ളാത്ത കുറേ ഡിഗ്രിക്കാർ വരികയാണ്. അവരെയൊന്നും ഒന്നിനും ഉപയോഗപ്പെടുത്താൻ കഴിയില്ല. ഇപ്പോൾ ഫിനിഷിങ് സ്കൂളിന്റെ അഭാവം ഇവിടെയുണ്ട്. ഇങ്ങനെയെല്ലാം പ്രാപ്തമാകുന്നവിധത്തിൽ ന്യൂജനറേഷന് ആവശ്യമായ, ഇപ്പോൾ ആരോഗ്യമേഖലയിൽ കീമോതെറാപ്പി, ഡയാലിസിസ് പോലെയുള്ള മേഖലയിൽ യോഗ്യതയുള്ള ഒരുപാട് കുട്ടികൾ ആവശ്യമുണ്ടായിട്ടും അവർ അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുകയാണ്. നമ്മുടെ ആവശ്യത്തിനുള്ള കോഴ്സുകൾ ഇവിടെയില്ല. ഈയൊരു പ്രശ്നം പരിഹരിക്കുന്നതിനും യൂണിവേഴ്സിറ്റിയിൽ കലണ്ടർ രൂപീകരിക്കുമെന്ന് എത്രയോ വർഷമായി മാറിമാറിവരുന്ന ഗവൺമെന്റും മന്ത്രിമാരുമൊക്കെ

പറയുന്നതാണ്. അത് ഇതുവരെ പ്രായോഗികമായി നടപ്പാക്കിയിട്ടില്ല. കേരള യൂണിവേഴ്സിറ്റി ഒരു സമയത്താണെങ്കിൽ എത്രയോ മാസങ്ങൾ കഴിഞ്ഞതിനുശേഷം, കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസൾട്ട് വരുമ്പോൾ പലർക്കും അപ്പുറത്തുമിപ്പുറത്തും കോഴ്സിന് ചേരാൻ പറ്റാത്ത സാഹചര്യവുമാണ്. ഇതൊക്കെ പരിഹരിക്കാൻ സമഗ്രമായ പരിഷ്കരണത്തിന് വിധേയമാക്കുന്നവിധം ആവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് സർവ്വകലാശാലകൾക്കിടയിൽ ഏകീകൃത കലണ്ടർ പൂർണ്ണമായിട്ടല്ലെങ്കിലും ഒരു 75 ശതമാനം വരെ നടപ്പിലായി കഴിഞ്ഞു. അതിന്റെ ഭാഗമായിട്ടാണ് ഏപ്രിൽ 30-ന് മുമ്പ് എല്ലാ സർവ്വകലാശാലകളും അവരുടെ ഡിഗ്രി റിസൾട്ടുകൾ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചതും ഏതാണ്ട് എല്ലാ യൂണിവേഴ്സിറ്റികളും ആ നിലയിലേയ്ക്ക് വന്നതും. ഇനിയുള്ള വർഷങ്ങളിൽ മേയ് 30-ന് മുമ്പ് പോസ്റ്റ് ഗ്രാജ്വേഷൻ റിസൾട്ടുകളും അവർ പ്രസിദ്ധീകരിക്കും. ചരിത്രത്തിലാദ്യമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് എല്ലാ യൂണിവേഴ്സിറ്റികളിലും ജൂൺ 24-ാം തീയതി ഒന്നാംവർഷ ഡിഗ്രി ക്ലാസ്സുകളും ജൂൺ 17-ാം തീയതി ഒന്നാം വർഷ പോസ്റ്റ് ഗ്രാജുവേഷൻ ക്ലാസ്സുകളും ആരംഭിക്കുന്നത്. ഈ വർഷം

ഒരു മാസമോ രണ്ട് മാസമോ ഇപ്പുറത്തേയ്ക്കാണ് ഈ ക്ലാസ്സുകൾ തുടങ്ങിയതെങ്കിൽ അടുത്ത 2020-2021 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സും പതിനൊന്നാം ക്ലാസ്സും ഒന്നാം വർഷ ഡിഗ്രിയും ഒന്നാം വർഷ പി.ജി.യും ജൂൺ 1-ാം തീയതി ആരംഭിക്കാൻ സാധിക്കുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖല സംരക്ഷിക്കാൻ സർക്കാർ വലിയ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസമേഖലയിലും സർക്കാർ നല്ല ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ എത്ര സ്ഥാപനങ്ങളിൽ 'നാക്' അക്രഡിറ്റേഷനുണ്ട്; കേരളത്തിലെ സർവ്വകലാശാലകൾ ആൾ ഇൻഡ്യാ അടിസ്ഥാനത്തിൽ എത്രാം സ്ഥാനത്താണുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സർവ്വകലാശാലകൾക്ക് നാഷണൽ റാങ്കിംഗിൽ, കേരള യൂണിവേഴ്സിറ്റിക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ 22-ാമത്തെ റാങ്കാണ് കിട്ടിയിട്ടുള്ളത് കൂടാതെ നാകിന്റെ 'എ'

അക്രഡിറ്റേഷനമുണ്ട്. എം.ജി. യൂണിവേഴ്സിറ്റിക്ക് എൻ.ഐ.ആർ.എഫിന്റെ 30-ാമത്തെ റാങ്കും നാകിന്റെ 'എ' അക്രഡിറ്റേഷനമുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് എൻ.ഐ.ആർ.എഫിന്റെ 64-ാമത്തെ റാങ്കും നാകിന്റെ 'എ' അക്രഡിറ്റേഷനമുണ്ട്. കുസാറ്റിന് എൻ.ഐ.ആർ.എഫിന്റെ 65-ാമത്തെ റാങ്കും നാകിന്റെ 'എ' അക്രഡിറ്റേഷനമുണ്ട്. സംസ്കൃത സർവ്വകലാശാലയ്ക്ക് എൻ.ഐ.ആർ.എഫിന്റെ റാങ്കിംഗ് ലഭിച്ചിട്ടില്ല. എന്നാൽ നാകിന്റെ 'എ' അക്രഡിറ്റേഷനണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിക്ക് നാകിന്റെ 'ബി' അക്രഡിറ്റേഷനാണുള്ളത്. എന്നാൽ എൻ.ഐ.ആർ.എഫിന്റെ അക്രഡിറ്റേഷൻ ഇല്ല. എല്ലാ സർവ്വകലാശാലകളും നാകിന്റെ 'എ പ്ലസും' 'എ പ്ലസ് പ്ലസും' നേടുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റി അവരുടെ റീ-അസസ്സ്മെന്റിനുവേണ്ടിയുള്ള അപേക്ഷ നൽകിക്കഴിഞ്ഞു. സർവ്വകലാശാലകളൊക്കെ തന്നെ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. നമ്മുടെ സംസ്ഥാനത്ത് 192 എയ്ഡഡ് കോളേജുകളിൽ 168 എയ്ഡഡ് കോളേജുകൾക്കും 'നാക്' അക്രഡിറ്റേഷനണ്ട്. 66 ഗവൺമെന്റ് കോളേജുകളിൽ 33 എണ്ണവും 'നാക്' അക്രഡിറ്റഡാണ്. 9 ഗവൺമെന്റ്

എഞ്ചിനീയറിംഗ് കോളേജുകളിൽ 6 എണ്ണം എം.ബി.എ. അക്രഡിറ്റേഷൻ നേടിക്കഴിഞ്ഞിട്ടുണ്ട്. 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 3 എണ്ണവും എം.ബി.എ.യുടെ അക്രഡിറ്റേഷന് അർഹത നേടിയിട്ടുണ്ട്. 113 സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ 15 എണ്ണം 'നാക്' അക്രഡിറ്റഡാണ്. നമ്മുടെ സംസ്ഥാനത്ത് 568 സെൽഫ് ഫിനാൻസിംഗ് ആർട്സ് ആൻഡ് സയൻസ് കോളേജുകളുണ്ട്. ഇവയ്ക്കുവേണ്ടിയാണ് നാം 'സാക്' എന്നുപറയുന്ന ഒരു സ്റ്റേറ്റ് ലെവൽ അക്രഡിറ്റേഷൻ ആൻഡ് അസസ്സ്മെന്റ് സംവിധാനം ഇപ്പോൾ ഒരുക്കിയിരിക്കുന്നത്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, സാധാരണക്കാർക്ക് സർക്കാർ സൗകര്യങ്ങളോടെ പഠിക്കുവാൻ വേണ്ടിയാണ് കേരള യൂണിവേഴ്സിറ്റി യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (UIT)കൾ തുടങ്ങിയത്. എന്റെ നിയോജക മണ്ഡലത്തിലടക്കം 2016-നുശേഷം പത്തോളം പുതിയ യു.ഐ.ടി.കൾ അനുവദിച്ചിരുന്നു. എന്റെ മണ്ഡലത്തിലെ തൊളിക്കോടുള്ള യു.ഐ.ടി. ഉദ്ഘാടനം ബഹുമാനപ്പെട്ട സ്പീക്കറാണ് നിർവ്വഹിച്ചത്. എന്നാൽ ഇതിലെ പ്രശ്നം, യു.ഐ.ടി.കൾ അംഗീകരിച്ചതല്ലാതെ യാതൊരു തരത്തിലുള്ള ധനസഹായവും സർക്കാർ ടി (യു.ഐ.ടി.) യൂണിവേഴ്സിറ്റിക്ക് വേണ്ടി ചെയ്യുന്നില്ല.

അവിടെ കമ്പ്യൂട്ടറുകൾക്കുവേണ്ടി എന്റെ എം.എൽ.എ. ഫണ്ട് കൊടുത്തു; പുതിയ ബിൽഡിംഗിനുള്ള സ്ഥലവും പഞ്ചായത്ത് വിട്ടുകൊടുത്തു. അവിടെ എം.എൽ.എ. ഫണ്ടുകൊണ്ട് ബിൽഡിംഗ് നിർമ്മിക്കുകയാണ്. പക്ഷെ, നമുക്ക് എപ്പോഴും ബെഞ്ചും ഡെസ്കും എം.എൽ.എ. ഫണ്ടുകൊണ്ട് വാങ്ങാൻ കഴിയില്ല. യു.ഐ.ടി.കൾ തുടങ്ങിയതനുസരിച്ച് അവിടത്തെ സ്റ്റാഫുകളുടെ ശമ്പളമടക്കം വിദ്യാർത്ഥികൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾക്കുള്ള ഫണ്ടുകൾ കൂടുതൽ അനുവദിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, യു.ഐ.ടി.കൾ അനുവദിക്കുമ്പോൾ ഇതിനുള്ള എല്ലാ സൗകര്യങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും കൺസേൺഡ് എം.എൽ.എ.മാരും ചെയ്തുകൊടുക്കും എന്നുള്ള ഒരു വാഗ്ദാനമുണ്ടായിരുന്നു. ആ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. നമ്മുടെ സർവ്വകലാശാലകളിൽ തന്നെ ഫാക്കൽറ്റിയെ വയ്ക്കുന്നതിന് സാമ്പത്തികമായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് അങ്ങേയ്ക്കുമറിയാം. എന്നാൽ അങ്ങനെയുള്ള പ്രയാസമുണ്ടായിരുന്നിട്ടും യു.ഐ.ടികളിൽ ഇപ്പോഴും ഫാക്കൽറ്റികളെ നിയോഗിക്കുന്നുണ്ട്; യു.ഐ.ടി.കൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുവെന്ന് പറയുന്നില്ലെങ്കിലും മോശമല്ലാത്ത രീതിയിൽ

അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. അതിനുള്ള ഭൗതിക സൗകര്യങ്ങൾ പ്രാദേശികതലത്തിൽ ഒരുക്കിക്കൊടുക്കുന്നതിന് പ്രത്യേകമായിട്ടുള്ള ഉത്സാഹം നിങ്ങളെപ്പോലുള്ളവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. തരാൻ മനസ്സില്ലാത്തതുകൊണ്ടല്ല; കഴിയാത്തതുകൊണ്ടാണ് എന്നുള്ളതുകൂടി അങ്ങ് ഓർമ്മിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമൂലമാറ്റം ഉണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഫണ്ടുകളും മറ്റു ഫണ്ടുകളുമൊക്കെ എല്ലാ സർക്കാർ എയ്ഡഡ് കോളേജുകളിലേക്കും എത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. പട്ടാമ്പി സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് അവസാന ഘട്ടത്തിലാണ് നിൽക്കുന്നത്. ഒരു പക്ഷേ ഗവൺമെന്റ് കോളേജുകളിൽ ഏറ്റവും നല്ല പശ്ചാത്തല സൗകര്യമുള്ള ഒരു ബ്ലോക്കായി ഇത് മാറാൻ പോകുകയാണ്. അവിടെ വർക്ക് കംപ്ലീറ്റ് ചെയ്യണമെങ്കിൽ 3 കോടി രൂപ കൂടി വേണം. അത് രണ്ട് തവണയായി (ഒന്നര കോടി+ ഒന്നര കോടി) നൽകാമെന്നാണ് പറയുന്നത്. അങ്ങനെ

നൽകുകയാണെങ്കിൽ നിലവിലുള്ള വർക്ക് കംപ്ലീറ്റ് ചെയ്യാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് ആസിഡ് അടക്കമുള്ള കാര്യങ്ങൾ ബാധിക്കാത്ത തരത്തിലുള്ള പൈപ്പ് ലൈൻ ഇടലും മറ്റുള്ള കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. അതിനുശേഷമാണ് ടൈൽ പാകേണ്ടത്. ഇങ്ങനെയൊരു പ്രതിസന്ധിയിൽ നിൽക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ആ പണം അനുവദിക്കുമോ?

മി. സ്പീക്കർ: ഈ ചോദ്യം മന്ത്രിക്ക് എഴുതിക്കൊടുത്താൽ മതിയായിരുന്നു. ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തരുത്.

ഡോ. കെ. ടി. ജലീൽ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ ഫണ്ടുകൾ ടാപ്പ് ചെയ്യുന്നതിൽ പ്രത്യേകമായ ഔത്സുക്യം ഗവൺമെന്റ് കാണിക്കുന്നുണ്ട്. റൂസ്സ ഫണ്ട് ഏറ്റവും കൂടുതൽ ലഭിച്ച ഇന്ത്യയിലെ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. നമുക്ക് 120 കോളേജുകൾക്കാണ് ഫണ്ട് നേടിയെടുക്കാൻ സാധിച്ചത്. അതിൽ ഒന്നാണ് പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജ്. രണ്ട് ഘട്ടങ്ങളിലായി 254.83 കോടി രൂപ കേന്ദ്രത്തിൽ നിന്ന് അനുവദിപ്പിച്ചെടുക്കാൻ കഴിഞ്ഞു. ഇതിൽ 101 കോടി രൂപ നമ്മുടെ സംസ്ഥാന വിഹിതമാണെന്ന കാര്യവുംകൂടി ഈ സന്ദർഭത്തിൽ ഉണർത്തുകയാണ്.

ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. എം. ഉമ്മർ: അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ട്രെയിനിംഗ് കേന്ദ്രങ്ങളുണ്ട്. അതിൽ സംസ്ഥാനത്ത് ആദ്യം പൂർത്തീകരിച്ചത് എന്റെ മണ്ഡലത്തിലുള്ള പാണ്ടിക്കാടാണ്. അവിടെ അത് വരുന്നതുകൊണ്ട് അധിക നൈപുണ്യത്തിന് നല്ല ട്രെയിനിംഗ് കൊടുക്കാൻ കഴിയുമെന്നാണ് നമ്മൾ വിചാരിച്ചിരുന്നത്. നിർഭാഗ്യത്തിന് അത് അപ്പോളോ എന്ന ഹോസ്പിറ്റൽ ഏജൻസിയെയാണ് ഏൽപ്പിച്ചത്. അതിൽ ഒരു ലോക്കൽ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ എം.എൽ.എ. ഇല്ല. അതേസമയം ജനപ്രതിനിധി എന്ന നിലയ്ക്ക് ഒരു വാർഡ് മെമ്പറെ മാത്രമാണ് വച്ചിട്ടുള്ളത്. അധിക നൈപുണ്യത്തിനുവേണ്ടി കെട്ടിടമുണ്ടാക്കുന്നതിനും സ്ഥലമുണ്ടാക്കുന്നതിനും ശിപാർശ ചെയ്യുന്നതിനുള്ള ശ്രമം നടത്താനുള്ള എം.എൽ.എ,. മാരെ ഒഴിവാക്കി, മാത്രമല്ല അതിന്റെ കൺസൾട്ടന്റിനെ പോലും ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അപ്പോളോ എന്ന ആശുപത്രി ഏജൻസിയെ ഒഴിവാക്കി അതിന്റെ ചുമതല ആളുകൾക്ക് സൗകര്യമുള്ള, ഗവൺമെന്റിന്റെകൂടി നിയന്ത്രണത്തിലുള്ളൊരു ഏജൻസിയെ ഏൽപ്പിക്കുമോ?

ഡോ. കെ. ടി. ജലീൽ: ഇത്തരത്തിലുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ തന്നെ കോംപീറ്റന്റായിട്ടുള്ള ഏജൻസികളെ ബിഡ് ചെയ്യിരുന്നു. അങ്ങനെ ബിഡ് ചെയ്തിട്ടാണ് ഇത്തരത്തിലുള്ള ഏജൻസികൾ വന്നത്. ആ സ്ഥാപനം ആരംഭിച്ച കാലത്തുതന്നെ ഇത്തരത്തിലുള്ളൊരു ഏജൻസിയെ ഉത്തരവാദപ്പെടുത്തിയിരുന്നു. ആ ഏജൻസിയാണ് ഇപ്പോൾ അങ്ങയുടെ മണ്ഡലത്തിലെ നൈപുണ്യ വികസന കേന്ദ്രത്തിന്റെ നടത്തിപ്പും പരിശീലനവും ഏറ്റെടുത്തിരിക്കുന്നത്. അപ്പോളോ ഏറ്റവും മോശമായ സ്ഥാപനമാണെന്ന് എനിക്ക് തോന്നുന്നില്ല. അവർ മികച്ച രീതിയിൽ പല കേന്ദ്രങ്ങളിലും ട്രെയിനിംഗ് നടത്തുന്നുണ്ട്. അക്കാര്യത്തിൽ അങ്ങേയ്ക്ക് എന്തെങ്കിലും പരാതിയുമുണ്ടെങ്കിൽ അങ്ങത് എഴുതി തന്നാൽ മതി. പാണ്ടിക്കാട്ടെ സെന്ററിൽ സഫിഷ്യന്റായ വിദ്യാർത്ഥികളായി. ക്ലാസ്സുകൾ ഏതാണ്ട് ആരംഭിക്കുവാൻ പോകുന്നുവെന്ന നിലയിലാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. നേരത്തെ അതിന്റെ ഉദ്ഘാടനം നിശ്ചയിച്ചിരുന്നുവെങ്കിലും അങ്ങ് പറഞ്ഞൊരു അസൗകര്യത്തിന്റെ അടിസ്ഥാനത്തിലാണ് അത് മാറ്റിവച്ചത്. ആരുടെ സമയത്താണോ അത് ആരംഭിച്ചത് അവർ തന്നെയാണ് അപ്പോളോ ഏജൻസിയെ നിയോഗിച്ചത്. ഒരു ഏജൻസിയുണ്ടെങ്കിൽ മാത്രമേ

അത്തരത്തിലുള്ളൊരു സ്ഥാപനത്തിന്റെ നിർമ്മാണം പോലും ആരംഭിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

<u>ശ്രീ. ഐ. ബി. സതീഷ്</u>: കേരള സർവ്വകലാശാല 18 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ് കേരളാ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്. അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ ഈ സ്ഥാപനത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈയടുത്തകാലത്ത് എ.ഐ.സി.റ്റി.ഇ.-.യുടെ ചില നിബന്ധനകൾ ഈ സ്ഥാപനത്തിൽ പ്രതിസന്ധി സൃഷ്ടിച്ചു. അപ്പോഴെല്ലാം സമയോചിതമായ ഇടപെടലാണ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഈ സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനും അങ്ങ് പ്രഖ്യാപിച്ച പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: പരിശോധിച്ച് അക്കാര്യത്തിൽ വേണ്ട തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. പുതിയ കോഴ്സുകൾ ആരംഭിച്ചാൽ വിജയിച്ചു വരുന്നവർക്കെല്ലാം അഡ്മിഷൻ കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും ഹൈറേഞ്ച്, ഇടുക്കി പോലുള്ള

പ്രദേശത്ത്... ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് കോളേജ്, കട്ടപ്പന 'നാക്' അക്രഡിറ്റേഷനിൽ എ-ഗ്രേഡ് ഉള്ളൊരു കോളേജാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും വിവിധ ഭരണ-പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുമൊക്കെ ഉണ്ടെങ്കിലും ആ കോളേജിന്റെ പ്രവർത്തനത്തെ ഒരിക്കലും അത് ദോഷകരമായി ബാധിച്ചിട്ടില്ല. ബി.എ. ഇക്കണോമിക്സ് പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളും വിജയിച്ചൊരു കോളേജാണത്. എല്ലാം വളരെ ഭംഗിയായി പോകുന്നു, ആവശ്യമുള്ള സൗകര്യങ്ങളും കെട്ടിട സംവിധാനങ്ങളുമുണ്ട്. പുതിയ കോഴ്സുകളുടെ അഭാവം ഒരു വലിയ വിഷയമാണ്. ഹൈറേഞ്ചിൽ വേറെ സംവിധാനമില്ല. ജില്ലയിലെ ആദ്യത്തെ ഗവൺമെന്റ് കോളേജാണ്. യൂണിവേഴ്സിറ്റി റെക്കമെന്റ് ചെയ്ത കോഴ്സുകളുണ്ട്. ആ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനാവാശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി എന്റെ അസെറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ഒരു വാഹനം വാങ്ങുന്നതിന് തുക കൊടുത്തിട്ട് ഒരു വർഷമാകാൻ പോകുന്നു. ഇതുവരെ ആ വാഹനം കൊടുക്കാൻ കഴിയുന്നില്ല. ഹെഡ് ഓഫ് അക്കൗണ്ടില്ലെന്നും ആരാണ് ഇംപ്ലിമെന്റിംഗ് ഏജൻസിയെന്ന്

അറിയില്ലെന്നും പറഞ്ഞ് തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും അസെറ്റ് ഫണ്ടിൽ നിന്നും കൊടുക്കുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ഒരു വർഷം കാലയളവുവയ്ക്കാതെ അത് മിനിമൈസ് ചെയ്ത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. പുതിയ കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ കോളേജ് സന്ദർശിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, സൗകര്യമുള്ള ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ 2020-21 അദ്ധ്യയന വർഷം നൽകണമെന്നതാണ് സർക്കാരിന്റെ തീരുമാനം. അതനുസരിച്ച് സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ കോളേജുകളും കോഴ്സുകളും ആരംഭിക്കും. അതോടൊപ്പം അങ്ങ് പറഞ്ഞതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ എം.എൽ.എ. മാരുടെയും എം.പി. മാരുടെയും ഫണ്ട് ലഭിക്കുമ്പോൾ അത് പ്രയോഗവൽക്കരിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്നത് ഗൗരവമായി തന്നെ കാണും. അങ്ങനെ കാലതാമസം നേരിട്ട് ഇത്തരത്തിലുള്ള ഫണ്ടുകൾ നിരുത്സാഹപ്പെടുത്തുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരെ കർശന

നടപടികൾ സ്വീകരിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിൽ ആരംഭിച്ചത്. ഇപ്പോൾ അതിനെക്കുറിച്ച് ഒന്നും കേൾക്കുന്നില്ല. അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിൽ ആരംഭിച്ചത്. അവിടത്തെ മുൻ എം.എൽ.എ. ശ്രീ. ശശികുമാർ മുൻകൈയെടുത്തുകൊണ്ടാണ് അന്ന് 380 ഓളം ഏക്കർ സ്ഥലം സർക്കാരിലേക്ക് ലഭ്യമാക്കിയത്. അത് നമ്മൾ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് കൈമാറുകയും ചെയ്തിരുന്നു. ഈ 385 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനം ദൗർഭാഗ്യവശാൽ ഇപ്പോഴും ഒരു ജൂനിയർ കോളേജ് പോലും ആയിട്ടില്ല. അവിടെ ആകെ മൂന്ന് കോഴ്സുകളാണുള്ളത്-ബി.എ. എൽ.എൽ.ബി., എം.ബി.എ., ബി.എഡ്. 50 കുട്ടികളെ ഇൻടേക്ക് എടുക്കാവുന്ന രീതിയിലുള്ള സംവിധാനം. ഈ മൂന്ന് കോഴ്സുകളാണ് ഇപ്പോഴും അവിടെയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പക്ഷെ

ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ പൊതുനിലപാട് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് സെന്ററുകൾ എക്സ്പാന്റ് ചെയ്ത് കൊടുക്കേണ്ടെന്നാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാലും പുതിയ ഗവൺമെന്റ് വന്ന സാഹചര്യത്തിൽ എം.എച്ച്.ആർ.ഡി.യുടെ ചുമതലയുള്ള പുതിയ മന്ത്രിയെ കാണുകയും ഈ സ്ഥലം അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ക്യാമ്പസിനായിട്ട് വിപുലപ്പെടുത്തുന്നില്ലെങ്കിൽ നമ്മൾ സ്ഥലം നൽകേണ്ടതുണ്ടോ; അത് ടേക്ക് ഓവർ ചെയ്ത് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കാൻ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചൊക്കെ ആലോചിക്കേണ്ടതുണ്ട്. അതിന് കേന്ദ്ര സർക്കാരിന്റെ പുതിയ മന്ത്രിയുമായി ബന്ധപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ പ്രതികരണമെന്താണോ അതിനെ ആസ്പദമാക്കി തീരുമാനമെടുക്കുന്നതാണ്.

## നെൽ കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2 (*122) ശ്രീ. പി. ഉണ്ണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കനത്ത നാശനഷ്ടം വിതച്ചിട്ടും നെൽകൃഷിയിൽ മുൻവർഷത്തെ അപേക്ഷിച്ച് ഉല്പാദനവർദ്ധനവ് സാധ്യമാക്കാനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അതുവഴി കൈവരിക്കാനായ നേട്ടം എന്താണെന്നും വിശദമാക്കാമോ;

(സി) നെൽ സംഭരണരംഗത്ത് ചെറുകിടകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനായി മിനി റൈസ് മിൽ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ,

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടലും വിത്തും മറ്റ് ഉൽപ്പാദനോപാധികളും യഥാസമയം ലഭ്യമാക്കുകയും ചെയ്തതിനാൽ 2,02,985 ഹെക്ടർ സ്ഥലത്ത് പ്രളയം കഴിഞ്ഞയുടൻതന്നെ കൃഷിയിറക്കുന്നതിന് സാധ്യമായി. 100

ശതമാനം സബ്സിഡിയിൽ കർഷകർക്ക് ആവശ്യമായ നെൽ വിത്ത് നൽകി. പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് ഇത്തരത്തിൽ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പുചെയ്തു മാറ്റുന്നതിനായി പമ്പിംഗ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും വൈദ്യുതി ലൈനുകൾ പുനഃസ്ഥാപിക്കുകയും പെട്ടി, പറ, മോട്ടോറുകൾ, മോട്ടോർത്തറ, പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുനഃസ്ഥാപിക്കുകയോ ചെയ്തു. 17213 ഹെക്ടർ സ്ഥലത്തുനിന്നും പ്രളയത്തിൽ വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനായി 21 കോടി രൂപ കർഷകർക്ക് നൽകിയാണ് നെൽവയലുകൾ കൃഷിയോഗ്യമാക്കിയത്. ചെറുതും വലുതുമായ മടവീണ 138 ബണ്ടുകൾ പുനർനിർമ്മിച്ചു. കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധ യഥാസമയം നടപടികൾ സ്വീകരിച്ച് നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു.

സംസ്ഥാനത്ത് നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5500/- രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000/- രൂപയും ഒരുപ്പൂ കൃഷി

ഇരുപ്പൂവാക്കുന്നതിന് 10,000/- രൂപയും കരനെൽ കൃഷിക്ക് 13,600/- രൂപയും ധനസഹായമായി നൽകുന്നുണ്ട്. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വന്റലിന് 10,000/- രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000/- രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകുന്നുണ്ട്. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും കീടനാശിനി/ജൈവ കീടനാശിനി ഉപയോഗത്തിന് 1000 യും ആനുകൂല്യം നൽകുന്നുണ്ട്. മരുന്ന് തളിക്കുന്നതിനുള്ള

സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3,000/- രൂപയും വിന്നോവറിന് 10,000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 10,000/- രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനവികസന പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കരനെൽകൃഷി, കോൾ ഡബിൾ, തരിശ് നിലകൃഷി, ഒരുപൂ കൃഷി ഇരുപൂ ആക്കൽ തുടങ്ങി വിവിധങ്ങളായ പദ്ധതികൾ വഴി നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷയിൽ നിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-ലെ പ്രളയത്തിൽ ഒരു സീസണിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തികവർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് അഗ്രിക്കൾച്ചർ സർവ്വകലാശാല നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ഇറക്കുന്നതിനുവേണ്ട ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയുണ്ടായി. ഇതുമൂലം ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഹെക്ടറിന് പരമാവധി 9.5 ടൺ വരെ ഉല്പാദനം ലഭിച്ചുവെന്ന റിപ്പോർട്ട് കൃഷി വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള അനുമതിയും സാമ്പത്തിക

സഹായവും നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്.

ഇതിനുപുറമെ, വൻകിട റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പിന്റെ സഹായത്തോടുകൂടി മൂന്ന് വൻകിട റൈസ് പാർക്കുകൾ ആരംഭിക്കാൻ നടപടി ആരംഭിച്ചു. അതിൽ ഒരു റൈസ് പാർക്കിന്റെ തറക്കല്ലിടൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. രണ്ട് റൈസ് പാർക്കുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, ഞാൻ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിക്കുന്നത്. വ്യത്യസ്ത കാലയളവിലാണ് കൊയ്ത്ത് ആരംഭിക്കുന്നത്. ഏറ്റവും നല്ല ഇനം നെല്ല് വിളയിക്കുന്ന പ്രദേശമായ പാലക്കാട് ജില്ലയിലെ ആലത്തൂരിലും ചിറ്റൂർ പ്രദേശങ്ങളിലും ആഗസ്റ്റ് മാസം തന്നെ കൊയ്ത്ത് ആരംഭിക്കുകയും സെപ്തംബർ-ഒക്ടോബർ മാസത്തിലാണ് കൊയ്ത്ത്

അവസാനിക്കുകയും ചെയ്യുന്നത്. ആദ്യം വിളവെടുക്കുന്ന നെല്ല് സൂക്ഷിക്കാൻ കൃഷിക്കാർക്ക് സാധിക്കുന്നില്ല. പഴയ കാലത്തേതുപോലെ കളപ്പുരകളില്ലാത്തതിനാൽ നെല്ല് സൂക്ഷിക്കാനുള്ള അവസരമില്ല. പാടശേഖര സമിതികൾക്ക് നെല്ല് സംഭരിക്കാനാവശ്യമായ ഗോഡൗൺ പോലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ആദ്യം വിളവെടുക്കുന്ന സമയത്ത് തന്നെ നെല്ല് സംഭരിക്കാനാവശ്യമായ സംവിധാനം നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാലക്കാട് ജില്ലയിലെ കർഷകരുടെ പ്രധാനപ്പെട്ട പരാതിയാണിത്. ഈ പരാതി പരിഗണിച്ചുകൊണ്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റുമായി ചർച്ച ചെയ്ത് ആഗസ്റ്റ് മാസത്തിൽത്തന്നെ നെല്ല് സംഭരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, കൃഷിയിടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴുള്ള ജലവിതരണം ഡാം പണിചെയ്ത കാലത്തുള്ള വിതരണ സംവിധാനമാണ്. ഇപ്പോൾ ഭൂമിയുടെ വ്യാപ്തിയിൽ വന്ന വ്യത്യാസത്തിന്റെ ഭാഗമായി കനാലിന്റെ വാലറ്റപ്രദേശത്തുള്ള കൃഷിഭൂമിക്ക്

വെള്ളം ലഭിക്കാതെ വരുന്നുണ്ട്. ജലവിതരണത്തിന്റെ കാര്യത്തിൽ കൃഷിവകുപ്പും ജലവിഭവ വകുപ്പും കൂടി ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാലക്കാട് ജില്ലയിലെ ഡാമുകളിൽ നിന്നുള്ള ജലവിതരണവുമായി ബന്ധപ്പെട്ട് നിരവധി പരാതികളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പും കൃഷി വകുപ്പും സംയുക്തമായി ആലോചിച്ച് ജലവിതരണം സുഗമമാക്കുന്നതിനും ജലവിതരണത്തിലൂടെ കൂടുതൽ മേഖലയിലേയ്ക്ക് കൃഷി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭാര്യയുടെ കെട്ടുതാലിയും കുഞ്ഞിന്റെ മൊട്ടുകമ്മലും വരെ കേരളത്തിലെ നെൽകർഷകർക്ക് വിൽക്കേണ്ടി വന്നിരുന്നു. ഇന്നവർ ആഹ്ലാദത്തിലാണ്. നെൽകൃഷി ഇന്ന് ആദായകരവും ആകർഷണീയവുമായ മേഖലയാക്കി മാറ്റാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് സർക്കാരിന്റെ സമയോചിതമായ ഇടപെടലിന്റെ ഭാഗമായി തന്നെയാണെന്ന് എല്ലാവർക്കുമറിയാം. ഉല്പാദനത്തിനാവശ്യമായ ചെലവും ഉൽപ്പന്നത്തിനാവശ്യമായ വിലയും ഇന്ന്

നമ്മുടെ ഗവൺമെന്റ് നൽകുന്നുണ്ട്. നെൽകൃഷി സംരക്ഷണത്തിനും വ്യാപനത്തിനുമായി അഞ്ച് റൈസ് സോൺ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ കുറെയേറെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിന്റെ ഭാഗമായി ഏകദേശം 665362 മെട്രിക് ടൺ റെക്കോർഡ് ഉൽപ്പാദത്തിലേയ്ക്ക് കേരളത്തിന് മാറാൻ സാധിച്ചിട്ടുണ്ട്. ഇതിൽ ഏകദേശം രണ്ട് ലക്ഷത്തിനടുത്ത് മെട്രിക് ടൺ ഉല്പാദനം നടത്തിയത് ആലപ്പുഴ ജില്ലയാണ്. അവിടെ നമ്മൾ എന്തെല്ലാം ചെയ്താലും ഇന്നും ആലപ്പുഴയിൽ വലിയ പ്രതിസന്ധിയായി പ്രകൃതിക്ഷോഭം നിലനിൽക്കുന്നുണ്ട്. സ്ഥിരമായി മടവീഴ്ച വരുന്ന പാടശേഖരങ്ങളിൽ സുസ്ഥിരമായി പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഈ സോണിന്റെ ഭാഗമായി ചെയ്തുതരുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കഴിഞ്ഞ കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഏറ്റവും പ്രധാനമായി വിഭാവനം ചെയ്തിരുന്നത് മടവീഴ്ച അവസാനിപ്പിക്കുക എന്നതായിരുന്നു. പക്ഷേ കുട്ടനാട് പാക്കേജ് നടപ്പാക്കിയിട്ടും അത് ഇപ്പോഴും തുടരുകയാണ്. പുതിയതായി വരാൻപോകുന്ന കുട്ടനാട് പാക്കേജിൽ പ്രത്യേക സോണായി പ്രഖ്യാപിച്ചിരിക്കുന്ന മേഖലയിൽ

പ്രധാനമായും അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് നടത്താനുദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്. ഈ വർഷം സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെക്കാളും 226000 മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നെൽപ്പാടങ്ങളിൽ വലിയ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിനുമുമ്പ് പല പാടശേഖരങ്ങളിലും ഇഷ്ടിക നിർമ്മാണത്തിനുവേണ്ടി എടുത്ത കുഴികൾ ഇപ്പോൾ ഉപേക്ഷിച്ച നിലയിലാണ്. അത്തരം സ്ഥലങ്ങൾ വീണ്ടും പഴയ സ്ഥിതിയിലേയ്ക്ക് മാറ്റുന്നതിന് കർഷകർ ആവശ്യപ്പെടുമ്പോൾ ചില ഉദ്യോഗസ്ഥന്മാർ അതിനെ ഗൗരവമായി എടുക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട പൊതുവായ ഒരു ഉത്തരവ് റവന്യൂ വകുപ്പുമായി ചേർന്ന് പുറപ്പെടുവിക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇഷ്ടിക കളങ്ങളാക്കി മാറ്റിയ ധാരാളം സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി മാറ്റാൻ സാധിക്കാത്തതായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അത്തരം സ്ഥലങ്ങളിലെല്ലാം കൃഷി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതത് പ്രദേശത്തെ എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെല്ലാം ആവശ്യമായ സഹായങ്ങൾ  ചെയ്യുന്നതാണ്. ഈ വിഷയത്തിൽ പൊതുവായ ഉത്തരവ് ഇറക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നേരത്തെ പൊതുവായി ഒരു തീരുമാനം എടുത്തിട്ടുള്ളതാണ്. അതുകൊണ്ട് കൃഷിയോഗ്യമാക്കാൻ സാധിക്കുന്ന എല്ലാ സ്ഥലത്തും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പൊതുവായി നൽകിയിരിക്കുന്ന നിർദ്ദേശം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, സംസ്ഥാനത്ത് പാടശേഖര സമിതികളെ ശക്തിപ്പെടുത്തി നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാം; നെൽകൃഷിക്കുള്ള സബ്സിഡി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>:  ഇത്തരത്തിലാണ് ചോദ്യങ്ങൾ ചോദിക്കേണ്ടത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പാടശേഖര സമിതികൾ വഴിയാണ് നെൽകൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ

സഹായങ്ങൾ പാടശേഖര സമിതികൾക്ക് നൽകുന്നുണ്ട്. അവരുടെ അഡ്മിനിസ്ട്രേഷൻ ചെലവുകൾ അടക്കമുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്. നേരത്തെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് കർഷകർക്ക് നൽകിക്കൊണ്ടിരുന്ന സബ്സിഡി ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തിനുമുമ്പുവരെ ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 4500 രൂപ വീതം കിട്ടിക്കൊണ്ടിരുന്ന സബ്സിഡി തുക കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇപ്പോൾ ആ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് കർഷകർക്ക് നൽകി വരുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നെല്ല് സംഭരണ രംഗത്ത് ചെറുകിട കർഷകർ അനുഭവിക്കുന്ന വിഷമത്തെക്കുറിച്ച് അങ്ങിവിടെ പരാമർശിച്ചു. നെല്ല് സംഭരണ രംഗത്ത് ചെറുകിട കർഷകർക്ക് കൃത്യമായി പണം ലഭിക്കുന്നില്ല. പാഡി ഓഫീസർമാരെ വിളിച്ചുവിളിച്ച്, അവസാനം അവരവിടെ വരും, ഏതെങ്കിലും മില്ലുടമ വന്ന് വാശി കൊടുക്കണമെന്ന് പറയും. പത്ത് കിലോ നെല്ലുകൊടുത്താൽ മൂന്നോ നാലോ അഞ്ചോ കിലോ അതിന്റെ വാശി ആയി മാറ്റുകയാണ്. ഒരു സാങ്കേതിക പരിജ്ഞാനവുമില്ലാതെ അവർ പതിരാണെന്ന് പ്രഖ്യാപിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പാവപ്പെട്ട കർഷകർക്ക് ഈ തുക കിട്ടാതിരിക്കുകയാണ്. അത് പല സ്ഥലങ്ങളിലും സംഘർഷത്തിനിടയാക്കുന്നു. ഇതിന് സാങ്കേതികമായ എന്തെങ്കിലും തീരുമാനമുണ്ടോ; നെല്ല് കൊടുക്കുമ്പോൾ അരി തിരിച്ചുകൊടുക്കുന്ന സംവിധാനമുണ്ട്. അടുത്തകാലത്ത് അരിയുടെ തോത് കുറച്ചുകൊണ്ടുള്ള തീരുമാനമെന്തെങ്കിലും എടുത്തിട്ടുണ്ടോ; അതിന്റെ തോത് എത്രയാണ് കുറച്ചിട്ടുള്ളതെന്ന് പറയാമോ; ഒരു ക്വിന്റൽ നെല്ലിന് എത്ര കിലോ അരി എന്നാണ് നിശ്ചയിച്ചിട്ടുള്ളത്; അതിന്റെ തോതിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ?

മി. സ്പീക്കർ: ചോദ്യം ചോദിക്കുമ്പോൾ ഷട്ടിൽ കളി ഓർമ്മിക്കുന്നത് നല്ലതാണ്. ഒരാൾ കോർക്ക് അടിക്കുമ്പോൾ അതിന് മറുപടി എന്ന രീതിയിൽ ചോദ്യം ചോദിക്കണം. വിശദമായ പ്രസംഗം ഒഴിവാക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഒന്നാമതായി, ചെറുകിട കർഷകരുടെ നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റിയാണ് ചോദിച്ചത്. അതിന് വ്യക്തമായിട്ടുള്ള

മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. നെല്ലിന്റെ ഈർപ്പത്തിന് അംഗീകൃതമായിട്ടുള്ള അളവ് 17 ശതമാനം വരെ എന്നാണ് പറയുന്നത്. അതിനേക്കാൾ കൂടുതൽ ഈർപ്പമുണ്ടെങ്കിൽ മാത്രമാണ് അതിൽ വെട്ടിക്കുറവ് വരുത്താൻ പാടുള്ളൂവെന്നത് സംബന്ധിച്ച് വ്യക്തമായ ഒരു മാനദണ്ഡം കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയിട്ടുണ്ട്. 17 ശതമാനം വന്നാൽ തീരെ വെട്ടിക്കുറയ്ക്കാൻ പാടില്ല, 18 ശതമാനം വന്നാൽ എത്ര വരെ വെട്ടിക്കുറയ്ക്കാം എന്ന് തുടങ്ങിയിട്ടുള്ള മാനദണ്ഡം കേന്ദ്ര ഗവൺമെന്റിന്റെ പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുണ്ടായ തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റും കൃഷി ആഫീസറും അവിടത്തെ പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും അടങ്ങുന്ന ഒരു സമിതി സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ കർഷകരുമായി തർക്കം ഉണ്ടാവുകയാണെങ്കിൽ ആ സമിതി അത് പരിശോധിക്കാൻ വേണ്ടിയാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആ സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നെല്ല് സംഭരിക്കണമെന്നാണ് കൃഷി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും കൊടുത്തിരിക്കുന്ന നിർദ്ദേശം. എങ്കിൽപ്പോലും പലയിടങ്ങളിലും തർക്കങ്ങൾ

ഉണ്ടാകുന്നുണ്ട്. മില്ലുടമസ്ഥന്മാരിൽ പലരും അനാവശ്യമായ രീതിയിൽ കർഷകരുടെ കയ്യിൽ നിന്നും താര, വാശി, വെട്ടിക്കുറവ് എന്നിങ്ങനെ പല പേരുകളിലും വെട്ടിക്കുറയ്ക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് മില്ലുടമസ്ഥന്മാരുടെ ഏജന്റുമാർ നടത്തുന്ന ഇത്തരത്തിലുള്ള ഇടപെടലുകൾക്കെതിരായി കർശനമായ നടപടി ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും സ്ഥലത്ത് പരാതിയുണ്ടെങ്കിൽ ഗവൺമെന്റ് അതിനകത്ത് ഇടപെട്ട് പരിഹാരമുണ്ടാക്കുന്നതാണ്. നെല്ലിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ടാണ് അങ്ങിവിടെ ചോദിച്ച മറ്റൊരു ചോദ്യം. 100 കിലോ നെല്ലിൽ നിന്നും 68 കിലോ അരിയാണ് നമ്മൾ തിരിച്ചുനൽകേണ്ടതെന്നാണ് കേന്ദ്ര ഗവൺമെന്റ് നേരത്തേ നിശ്ചയിച്ചിരുന്നത്. കേരളത്തിലെ നെല്ലുൽപ്പാദനത്തിലെ അരിയുടെ അളവ് സംബന്ധിച്ച തർക്കങ്ങൾ വന്നതിനെത്തുടർന്ന് ഒരു സമിതിയെ നിയോഗിക്കുക, ആ സമിതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റിൽ തന്നെ 64 കിലോ ആക്കി ചുരുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പൊതുവിതരണ മന്ത്രാലയത്തിന്

റിപ്പോർട്ട് കൊടുക്കുകയുണ്ടായി. അത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണന യിലിരിക്കുകയാണ്. അരിയുടെ അളവിന്റെ തോത് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച സമിതിയുടെ അടിസ്ഥാനത്തിലാണ് 64.5 ശതമാനമായി വെട്ടിക്കുറച്ചത്. 100 കിലോ നെല്ല് കൊടുത്താൽ 64.5 കിലോ അരി തിരിച്ചുനൽകുക എന്നുപറയുന്ന നിലയിലേയ്ക്ക് അനുപാതം മാറ്റിക്കൊണ്ട് ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥനത്തിലാണ് ആ തീരുമാനമെടുത്തിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ നേരത്തേ ഉന്നയിച്ച വിഷയമാണിത്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു നിർദ്ദേശവും ഫൈനലായി വന്നിട്ടില്ല. കേരള സർക്കാർ എങ്ങനെയാണ് വൻകിട മില്ലുടമകളെ സഹായിക്കാൻ വേണ്ടി അരിയുടെ തോത് വെട്ടിക്കുറച്ചതെന്നുള്ളത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഇതിന്റെ സഹായം മുഴുവൻ കിട്ടുന്നത് വൻകിട മില്ലുടമകൾക്കാണ്. കർഷകർക്കല്ല ലഭിക്കുന്നത്. എന്റെ ചോദ്യം, കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുക്കുന്നതിനുമുമ്പ് വൻകിട മില്ലുടമകളെ സഹായിക്കാൻ വേണ്ടി കർഷകന് കൊടുക്കുന്ന നെല്ലിന്റെ അളവ് ഇപ്പോൾ നിലനിൽക്കുന്ന 68 കിലോയേക്കാൾ കുറച്ച് കൊടുക്കാൻ എന്തുകൊണ്ടാണ്

നടപടി എടുത്തത്; എന്തുകൊണ്ടാണ് മില്ലുടമകളെ സഹായിക്കുന്നതിന് ഈ നടപടിയുമായി മുന്നോട്ട് പോയത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചിരിക്കുന്ന നിർദ്ദേശം ഗവൺമെന്റ് തീരുമാനമാണ്. ഗവൺമെന്റ് ഒരു സമിതിയെ നിയോഗിക്കുകയും, അത് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് തീരുമാനിക്കുകയും ടെസ്റ്റ് ഹള്ളിംഗ് അടക്കം നടത്തിക്കൊണ്ടാണ് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് അത്തരമൊരു തീരുമാനമെടുത്തിരിക്കുന്നത്. ഇത് കർഷകരെ ബാധിക്കുന്ന പ്രശ്നമല്ല. മാത്രമല്ല......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....അദ്ദേഹം പറഞ്ഞുതീരട്ടെ...let him finish....പ്ലീസ്...പറയൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളം മാത്രമല്ല പല സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അരിയുടെ അളവിൽ വെട്ടിക്കുറവ് വരുത്തണമെന്നാവശ്യപ്പെട്ട് പഠന റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം വന്നിട്ടില്ല എന്നുള്ളത് വസ്തുതയാണ്. ടെസ്റ്റ് ഹള്ളിംഗിന്റെയെല്ലാം

പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെല്ലിൽ നിന്നും 68.5 കിലോ അരി കിട്ടില്ല എന്ന കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തിരിക്കുന്നത്. നേരത്തേയുണ്ടായിരുന്ന കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറയുന്നതായിരിക്കും ഉചിതം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കാലാകാലങ്ങളായി വൻകിട മില്ലുടമകൾ ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. അന്നെല്ലാം ഗവൺമെന്റ് പറഞ്ഞുകൊണ്ടിരുന്നത് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം വരട്ടെ എന്നാണ്. ഈ തെരഞ്ഞെടുപ്പ് സമയത്ത് ആരുമറിയാതെ നടത്തിയ ഒരു കള്ളക്കളിയാണിത്. വൻകിട മില്ലുടമകളെ സഹായിക്കുന്നതിന് നടത്തിയ കള്ളക്കളിയാണിത്.....(ബഹളം)........

<u>മി. സ്പീക്കർ</u>: അങ്ങയുടെ ചോദ്യത്തിന് മിനിസ്റ്റർ ഉത്തരം പറയട്ടെ.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ഇതൊരു കള്ളക്കളിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എൻലിസ്റ്റ് ചെയ്തിട്ടുള്ള 51 മില്ലുകൾ വഴിയാണ് നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് പി.ഡി.എസ്.-ലേയ്ക്ക് അരി

വാങ്ങുന്നത്. അവർ നെല്ല് സംഭരിക്കില്ല എന്നുപറഞ്ഞു. അതിന് രണ്ട് കാരണങ്ങളാണ് അവർ ഉന്നയിച്ചത്. കഴിഞ്ഞ ഗവൺമെന്റ് അവർക്ക് പ്രോസസിംഗ് ചാർജ് ദീർഘിപ്പിച്ചുനൽകാൻ ക്യാബിനറ്റ് തീരുമാനമെടുത്തെങ്കിലും അത് കൊടുത്തില്ല. രണ്ടാമതായി, നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 68 ശതമാനമെന്ന് കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. അത് നമ്മുടെ സംസ്ഥാനത്ത് ഒരിക്കലും പ്രാക്ടിക്കലല്ല. ഇവിടെ അത്രയും കിട്ടില്ല. അതുകൊണ്ട് നെല്ല് സംഭരിക്കില്ല എന്നുള്ള നിലപാട് അവർ എടുത്തു. അങ്ങനെ അവർ ഒരു സമരത്തിന്റെ ഭാഗത്തേക്ക് പോയപ്പോൾ.... (ബഹളം)....ഞാൻ പറയട്ടെ...

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...അദ്ദേഹം പറയട്ടെ......അങ്ങ് പറയൂ.

ശ്രീ. പി. തിലോത്തമൻ: സർ, ക്യാബിനറ്റ് തീരുമാനിച്ചിട്ട് ഇവർക്ക് കൊടുക്കാതിരുന്ന നെല്ല് സംഭരിക്കുന്നതിനുള്ള പ്രോസസിംഗ് ചാർജ് കൊടുക്കാൻ ഞങ്ങൾ ആദ്യം തീരുമാനിച്ചു. അങ്ങനെ നെല്ല് എടുത്തു. എന്നാൽ അടുത്ത തവണ അവർ നെല്ല് സംഭരിക്കാതെ മാറിനിന്നു. സംഭരണം നടക്കാത്ത സ്ഥിതി വന്നപ്പോഴാണ് വീണ്ടും അതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ഉദ്യോഗസ്ഥന്മാർ, പാഡി ആഫീസർമാർ, കൃഷി

ആഫീസർമാർ, കൃഷിക്കാരുടെ പ്രതിനിധികളുൾപ്പെടെയുള്ള ആളുകളെ ചുമതലപ്പെടുത്തിയ ആ കമ്മിറ്റി കേരളത്തിലെ നാല് കേന്ദ്രങ്ങളിൽ നിന്നും നെല്ല് സാമ്പിൾ ടെസ്റ്റ് മില്ലിംഗ് നടത്തി അവർ നൽകിയ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുകയും ഗവൺമെന്റ് അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. എന്നിട്ടും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ് ഔട്ട് ടേൺ റേഷ്യോയിൽ വ്യത്യാസം വരുത്തുന്നതിൽ തീരുമാനമെടുക്കാതെ വച്ചിരുന്നു. എന്നാൽ കഴിഞ്ഞ സീസണിന് മുമ്പും അവർ നെല്ല് സംഭരിക്കാതെ മാറിനിന്ന പശ്ചാത്തലത്തിൽ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഔട്ട് ടേൺ റേഷ്യോയിൽ 64.5 കിലോ എന്നത് അംഗീകരിച്ചതും കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നതുവരെ അതിന്റെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റ് വഹിക്കാനും തീരുമാനിച്ചത്. എന്നാൽ കേരളത്തിൽ 2014-15 കാലഘട്ടത്തിൽ ടെസ്റ്റ് മില്ലിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും വന്നത്. ആ വിഷയം വീണ്ടും ഞങ്ങൾ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു കാര്യം അറിയണം. നേരത്തേയും നെല്ല് സംഭരണം നടക്കുന്നുണ്ടായിരുന്നു. ഇവിടെ

പറഞ്ഞതുപോലെ താര എടുക്കുന്നതുപോലെയുള്ള വിഷയങ്ങളിൽ കൃഷിക്കാർക്ക് ആക്ഷേപമാണ്. എന്നുമാത്രമല്ല, നെല്ല് സംഭരിച്ചുകൊണ്ടുപോയി പ്രോസസ്സ് ചെയ്യുന്ന അരി, അരിയായിട്ടല്ല നമ്മുടെ റേഷൻ കടകളിൽ എത്തുന്നത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ അരി വീണ്ടും കറങ്ങി മില്ലുകളിൽ ചെന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത മോശം അരിയായിട്ടാണ് ജനങ്ങളിലേയ്ക്ക് എത്തുന്നത്. അതുമാറി ഇപ്പോൾ ഏറ്റവും നല്ല ക്വാളിറ്റി അരി...(ബഹളം)....ജനങ്ങൾക്ക് കൊടുക്കാൻ കഴിയുന്ന ഒരവസ്ഥ ഇന്ന് പൊതുവിൽ സംസ്ഥാനത്ത് സംജാതമായിട്ടുണ്ട്. അങ്ങനെ ആ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ആ തീരുമാനമെടുത്തത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.......(ബഹളം)....അദ്ദേഹം പറഞ്ഞല്ലോ...പ്ലീസ്..പ്ലീസ്...അങ്ങയുടെ ചോദ്യത്തിന് ഉത്തരം പറഞ്ഞല്ലോ........(ബഹളം)....

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഈ ഗവൺമെന്റ് നെല്ലുൽപ്പാദനത്തിനുവേണ്ടി ചെയ്യുന്ന ജനോപകാരപ്രദമായ കാര്യത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പക്ഷേ എനിക്കൊരു പരാതിയുണ്ട്. ചെറുകിട കൃഷിക്കാർക്ക്

നെല്ലുൽപ്പാദനത്തിന് തൊഴിലാളികളെ ലഭിക്കാത്തതാത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് പണി എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; അതിന് എന്തെങ്കിലും ഒരാലോചന ഗവൺമെന്റിനുണ്ടോ; രണ്ടാമതായി, ചെറുകിട മെഷീനുകൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ല. അത് പാടശേഖര സമിതികൾക്ക് മാത്രമേയുള്ളൂ. അതുപോലെ ചെറുകിട യന്ത്രങ്ങളായ കൊയ്ത്ത് യന്ത്രമായാലും ഉഴുന്ന യന്ത്രമായാലും ഇൻഡിവിഡ്യുവലായി കൊടുക്കാനും സബ്സിഡി നൽകാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, തൊഴിലുറപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്. പ്രളയവുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷികാവശ്യങ്ങൾക്കുകൂടി തൊഴിലുറപ്പിനെ ഉപയോഗപ്പെടുത്താമെന്നുള്ള ഉത്തരവിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ അത് നടന്നുവരുന്നുണ്ട്. അതുപോലെ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും തൊഴിലുറപ്പ് പദ്ധതി ഉപയോഗിക്കാൻ കഴിയില്ല എന്നുള്ള ഒരു പരിമിതി കേന്ദ്ര ഗവൺമെന്റിന്റെ അതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശത്തിലുണ്ട്. പ്രളയത്തിനുവേണ്ടി മാത്രമായി ഒരു എക്സംപ്ഷൻ കേന്ദ്ര ഗവൺമെന്റ്

നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് അതിൽ മാറ്റം വരുത്തേണ്ടത്. അതിൽ മാറ്റം വരുത്തണമെന്ന് പലതവണ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും കാർഷിക മേഖലയ്ക്കുവേണ്ടി തൊഴിലുറപ്പിനെ ഉപയോഗപ്പെടുത്തുന്നതിന് ഇപ്പോഴും പരിമിതികൾ പലതുമാണ്. നെൽപ്പാടങ്ങളിൽ വരമ്പ് വയ്ക്കുക തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി തൊഴിലുറപ്പിനെ ഉപയോഗിക്കാൻ കഴിയും. പക്ഷേ ഞാറ് നടുക, കൊയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് തൊഴിലുറപ്പിനെ ഉപയോഗിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് ഒരു പദ്ധതി നിലവിലുണ്ട്. SMAM (Sub-Mission on Agricultural Mechanisation) പദ്ധതി പ്രകാരം 50 ശതമാനം മുതൽ 90 ശതമാനം വരെ സബ്സിഡി കൊടുക്കുന്ന പദ്ധതി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഗ്രൂപ്പടിസ്ഥാനത്തിൽ 8 കർഷകരടങ്ങുന്ന ഗ്രൂപ്പിനാണ് കൊടുക്കുന്നതെങ്കിൽ 12 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾക്ക് 10 ലക്ഷം രൂപ വരെ സബ്സിഡി കൊടുക്കുന്ന സ്കീം ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ആ സ്കീമിന്റെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു കുറിപ്പ് എല്ലാ എം.എൽ.എ.-മാർക്കും ഞാൻ അയച്ചുകൊടുക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ എല്ലാ പ്രദേശങ്ങളിലും

കർഷകർക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങാനുള്ള അവസരം ഇപ്പോൾ ലഭ്യമാണ്.

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ കുറെ കാലമായിട്ടുള്ള പ്രവർത്തനത്തിന്റെ ഫലമായി നെൽകൃഷി വർദ്ധിപ്പിക്കാവുന്നതിന്റെ മാക്സിമം എത്തിയിരിക്കുകയാണ്. നമ്മുടേത് നാണ്യവിളകളുടെ നാടാണ്. കരകൃഷിയിൽക്കൂടി മാത്രമേ നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ എന്നതാണ് ഇവിടത്തെ പ്രശ്നം. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണ് ധനസഹായം നൽകുന്നത് എന്നാണ്. അപ്പോൾ തുക കുറയുകയാണ്. കരകൃഷി വർദ്ധിപ്പിക്കാനുള്ള കർഷകന്റെ ആഗ്രഹം നഷ്ടപ്പെടുന്നു. കരകൃഷിക്ക് കൂടുതൽ പണം നൽകുന്നതിനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കുന്നതോടൊപ്പം തവിട് എന്നുപറയുന്നത് ക്യാൻസറിന് ഏറ്റവും വലിയ പ്രതിരോധ മരുന്നാണ്. ഇന്നും അതിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിയിട്ടില്ല. അതുകൊണ്ട് പഴയ ബ്രാഹ്മണൻമാർ ആർക്കും ക്യാൻസർ വരാറില്ല. അവർ ഈ തവിട് കളയില്ല. അവർ മുഴുവൻ

ഭക്ഷിക്കുമായിരുന്നു. അതുകൊണ്ട് വെള്ള അരി എന്നത് നിർത്തി ചുവന്ന അരി തവിടോടുകൂടി കഴിക്കാനുള്ള ഒരു സംവിധാനം കൂടി അങ്ങ് ഏർപ്പെടുത്തുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തവിടുള്ള അരി ബ്രാഹ്മണർ മാത്രമല്ല, എല്ലാവരും കഴിച്ചിരുന്നതാണ്. പ്രത്യേകിച്ച് പാവപ്പെട്ടവർ തവിടുകൊണ്ടുള്ള ഭക്ഷണം കഴിച്ചിരുന്ന ആൾക്കാരാണ്. പാവപ്പെട്ടവർക്ക് അരി കിട്ടിയിരുന്നില്ല. തവിടാണ് കിട്ടിയിരുന്നത്. ശ്രീ. പി. സി. ജോർജിന് ബ്രാഹ്മണരോട് പ്രത്യേക താൽപ്പര്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. പി. സി. ജോർജ് പണ്ട് നായരായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞുകേട്ടിട്ടുണ്ട്. അവർ മാത്രമല്ല, കേരളത്തിലെ എല്ലാ ജനങ്ങളും തവിട് കളയാത്ത അരിയാണ് പണ്ട് കഴിച്ചിരുന്നത്. പക്ഷെ, ഇപ്പോൾ മില്ലുകൾ വന്നതിനുശേഷം തവിട് നീക്കിയ അരിയാണ് നമ്മൾ കഴിക്കുന്നത്. വാസ്തവം പറഞ്ഞാൽ, നെല്ലിന്റെ ഏറ്റവും നല്ല ഭാഗമെന്ന് പറഞ്ഞാൽ തവിടാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് റൈസ് പാർക്കിൽ..... അത് ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ വിശദമാക്കിയതാണ്. തവിടിൽനിന്ന് വിവിധങ്ങളായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളടക്കം ഗവൺമെന്റ് ആവിഷ്കരിക്കുകയാണ്. തവിട് കളയാതെ അരി

ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഹള്ളർ മെഷീനുകളാണ് ഇപ്പോൾ 16 സ്ഥലത്ത് ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ഈ ഗവൺമെന്റ് മിനി റൈസ് മില്ലുകൾ കൊടുത്തതിനുശേഷം വിവിധ പാടശേഖരസമിതികൾ തവിട് കളയാത്ത അരി അടക്കം 47 ബ്രാൻഡിലുള്ള അരി കേരളത്തിൽ വ്യാപകമായി വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, തവിട് കലർന്ന അരി മിനി റൈസ് പാർക്കുകൾ വഴി ഉണ്ടാക്കുന്നുണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ കുറവുകൊണ്ട് അത് വാങ്ങിക്കുന്നതിൽ ആളുകൾ വൈമുഖ്യം കാണിക്കുന്നുണ്ട്. അത് ശ്രദ്ധിക്കണം. എന്റെ ചോദ്യം, നിലവിലെ ഈ ഗവൺമെന്റ് വന്നതിനുശേഷം നെൽകൃഷിയിൽ വലിയ പുരോഗതി ഉണ്ടായെന്ന് പറയുമ്പോൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ പാടശേഖരസമിതികളെയും വിളിച്ചുകൂട്ടി ചർച്ച ചെയ്യുമ്പോൾ അവിടെ ഉണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ജലസേചന പ്രശ്നമാണ്. ജലസേചനത്തിന് എപ്പോഴും മൈനർ ഇറിഗേഷനാണ് പ്രൊപ്പോസൽ കൊടുക്കുന്നത്. പ്രായോഗികമായി മനസ്സിലാക്കേണ്ട ഒരു കാര്യം, വിഭവം പരിമിതമാണ് ആവശ്യങ്ങൾ നിരവധിയാണ്. മൈനർ ഇറിഗേഷൻ ഒരു പാടശേഖരസമിതി

കൊടുക്കുന്ന ആവശ്യത്തിന്റെ പേരിൽ ഒരു കോടി രൂപയുടെ പ്രോജക്ട് എടുക്കും. വിഭവത്തിന്റെ പരിമിതികൊണ്ട് അത് നടക്കില്ല. എന്നാൽ അത് പരമ്പരാഗത ശൈലിയിൽ കർഷകരുടെ താൽപ്പര്യമനുസരിച്ച് ചെയ്യണമെങ്കിൽ 10 ലക്ഷം രൂപ മതിയാകും. സാങ്കേതികമായ എസ്റ്റിമേറ്റിനപ്പുറത്ത് കൃഷി ആഫീസർമാരും കൃഷിക്കാരുംകൂടി ചർച്ച ചെയ്ത് പരമ്പരാഗത ശൈലിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചാൽ 10 ലക്ഷം രൂപയ്ക്ക് വിഷയം പരിഹരിക്കാൻ കഴിയും. അത്തരം പ്രായോഗികമായ നിർദ്ദേശങ്ങളിലേയ്ക്ക് പോയാൽ നെൽകൃഷി കൂടുതൽ വർദ്ധിപ്പിക്കാനും ജലസേചന പ്രശ്നം പരിഹരിക്കാനും കഴിയുമെന്നാണ് അനുഭവത്തിൽനിന്നും ബോദ്ധ്യപ്പെടുന്നത്. കൃഷി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സംയുക്തമായി ഈ നിർദ്ദേശം നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇറിഗേഷൻ പ്രധാനമായും കാർഷിക കാര്യങ്ങൾക്കാണെന്ന കാര്യം പല തവണ ജലവിഭവ വകുപ്പുമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി. ഈ കാര്യങ്ങളടക്കം എല്ലാ പ്രദേശത്തും ഇറിഗേഷനുമായി ചേർന്നുകൊണ്ട് കാർഷിക മേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള സമഗ്രമായ പരിപാടിയുമായി മുന്നോട്ടുപോകുകയാണ്. അതിനാവശ്യമായ പ്രാഥമിക ചർച്ചകൾ

നടത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പും കൃഷി വകുപ്പും കൂടുതൽ ചർച്ചകൾ നടത്തി ഈ പറയുന്ന പ്രശ്നങ്ങളടക്കമുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

<u>പ്രളയാനന്തര നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിഷ്കരണം</u>

3(*123) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനുള്ള അവ്യക്തതമൂലം ഇത് സംബന്ധിച്ച സർക്കാർ നടപടികൾ മെല്ലെപ്പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരപ്രദേശങ്ങൾക്കും പഞ്ചായത്തുകൾക്കും പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കാതെ പ്രളയാനന്തര കേരള നിർമ്മാണം ഫലപ്രദമാകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിനായി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നക്കൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും പ്രത്യേകം പ്രത്യേകം ചട്ടങ്ങൾ ഉണ്ടാക്കുമെന്ന മുൻതീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) അവ്യക്തതയില്ല.

(ബി) നിലവിൽ നഗരപ്രദേശങ്ങൾക്കും പഞ്ചായത്തു പ്രദേശങ്ങൾക്കും പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങളാണുള്ളത്. നഗരപ്രദേശങ്ങൾക്കായി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും പഞ്ചായത്ത് പ്രദേശങ്ങൾക്കായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പ്രാബല്യത്തിലുണ്ട്.

(സി) നിലവിലുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പരിഷ്കരിച്ച് പുതിയ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി ഒരു പ്രാഥമിക കരട് സമർപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് യോഗങ്ങളും ചർച്ചകളും വകുപ്പുതലത്തിൽ നടത്തുകയുമുണ്ടായി. പ്രസ്തുത യോഗ തീരുമാനങ്ങളുടെ

അടിസ്ഥാനത്തിൽ കരടിൽ വേണ്ട ഭേദഗതി വരുത്തി, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഷ്കരിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) ഉപേക്ഷിച്ചിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടാണ് മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നിലവിൽ ബാധകമായിട്ടുള്ളത്. ആയതിനാൽ ടി ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ഒന്ന് മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രത്യേകം ചട്ടങ്ങൾ ഉണ്ടാക്കാനാണ് തീരുമാനം.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, കേരളത്തിലെ മഹാപ്രളയത്തിന് ഒരു വർഷം തികയാൻ പോകുകയാണ്. ഇപ്പോഴും പ്രളയത്തിൽനിന്നും കരകയറാത്ത ഒരു വിഭാഗമെന്ന് പറയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളും ശുദ്ധജല പദ്ധതികളുമെല്ലാം തകർന്നുകിടക്കുകയാണ്. പ്രളയത്തിനുശേഷം ഈ ഗവൺമെന്റ് ഏറ്റവും വലിയ പ്രഖ്യാപനമായി നടത്തിയത്, പ്രളയം ബാധിച്ച

പഞ്ചായത്തുകളിലെ റോഡുകൾക്കും ശുദ്ധജല പദ്ധതികൾക്കുമായി സഹായം നൽകാമെന്ന് ഏറ്റതാണ്. ഇതുവരെ ഒരു രൂപപോലും പ്രളയത്തിന്റെ പേരിൽ ഗവൺമെന്റ് കൊടുത്തിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച തുക കൊടുക്കാനുള്ള തീരുമാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്നേയ്ക്ക് കൊടുക്കാൻ കഴിയും; ഏതെങ്കിലും പഞ്ചായത്തിന് ഒരു രൂപയെങ്കിലും പ്രളയത്തിന്റെ ഭാഗമായി ഇതുവരെ കൊടുത്തിട്ടുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, പ്രളയത്തിന്റെ ഭാഗമായുള്ള സമാശ്വാസ നടപടികളുടെ ആദ്യഘട്ടമാണ് പൂർത്തീകരിച്ചത്. ചെയ്ത കാര്യങ്ങൾ വളരെ വിശദമായി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. സമാശ്വാസ നടപടികൾക്കുശേഷമാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പണം കണ്ടെത്താൻ വിവിധ വായ്പാ ഏജൻസികളിൽനിന്നുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്. ആ പണം വിതരണം ചെയ്യുന്നതിന് മാനദണ്ഡങ്ങൾ

നിശ്ചയിക്കാനുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാകും. അത് നൽകാനാകും. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയ സംഖ്യയുടെ ഒരു ഭാഗം, നിരവധി കാര്യങ്ങൾക്ക് അത് നീക്കിവയ്ക്കണം, നഷ്ടപ്പെട്ട വീടുകളുടെ പുനർനിർമ്മാണം, അതോടൊപ്പം ആർ.കെ.എൽ.എസ്. (Resurgent Kerala Loan Scheme) അനുസരിച്ച് കുടുംബശ്രീക്ക് കൊടുത്ത ലോണിന്റെ പലിശ ഉൾപ്പെടെ അതിൽനിന്നാണ് കൊടുക്കേണ്ടത്. അതിനുശേഷമുള്ള അതിന്റെ ഒരു ഭാഗം ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് നൽകാമെന്ന് തത്വത്തിൽ ധാരണയായിട്ടുണ്ട്. ആ റോഡുകൾ നിശ്ചയിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വേഗത്തിൽതന്നെ ആ കാര്യത്തിലുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൂർണ്ണമായി വീട് നഷ്ടപ്പെട്ട ഒരാൾക്കും ഒരു പൈസപോലും ഇതുവരെ കൊടുത്തിട്ടില്ല. അതൊരു ഭാഗത്ത് നിൽക്കുന്നു. രണ്ടാമത്തെ കാര്യം, സ്പിൽ ഓവർ വർക്കുകൾ മാത്രം ചെയ്താൽ മതിയെന്നൊരു നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് താഴെത്തട്ടിലേയ്ക്കും പഞ്ചായത്തുകൾക്കും

കൊടുത്തിരിക്കുകയാണ്. ആ സ്പിൽ ഓവർ വർക്കുകൾ മാത്രമേ ഈ വർഷം ചെയ്യാവൂ എന്ന് ഒരു ഭാഗത്ത് പറയുകയും പുതിയ പദ്ധതികളൊന്നും വേണ്ടെന്ന് പറയുമ്പോഴും ഈ പ്രളയത്തിൽ നശിച്ച റോഡുകളും ശുദ്ധജല പദ്ധതികളും ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും; അതുകൊണ്ട് സ്പിൽ ഓവർ വർക്കുകൾ മാത്രമല്ല, ഇത്തരത്തിലുള്ള പദ്ധതികൾകൂടി നടപ്പാക്കാനുള്ള അനുവാദം ഗവൺമെന്റ് പഞ്ചായത്തുകൾക്ക് കൊടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, പ്രളയത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട വീടുകളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്നുള്ളത് ശരിയല്ല. കഴിഞ്ഞ ദിവസം അത് വ്യക്തമാക്കുകയുണ്ടായി. പ്രളയത്തിൽ തകർന്ന 15079 വീടുകളിൽ 9329 വീടുകൾ ഗുണഭോക്താക്കൾതന്നെ നിർമ്മാണം നടത്താമെന്ന് സന്നദ്ധത അറിയിച്ചതിന്റെ ഭാഗമായി അതിനുള്ള പണം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഘട്ടംഘട്ടമായി ഓരോ സ്റ്റേജ് അനുസരിച്ചാണ് പണം കൊടുക്കുന്നത്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അത് കൊടുക്കുകയാണ്. സഹകരണ ബാങ്കുകൾ രണ്ടായിരത്തോളം വീടുകളുടെ പുനർനിർമ്മാണം നടത്തുന്നതിൽ ആയിരത്തോളം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ വസ്തുത ഇവിടെ വിശദീകരിച്ചുകഴിഞ്ഞതാണ്.

പുകമറയുണ്ടാക്കാൻ വേണ്ടിയുള്ള സമീപനം ആ കാര്യത്തിൽ സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ ഒരു വീടിന്റെപോലും പണി ആരംഭിച്ചിട്ടില്ല.

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്പോൺസർഷിപ്പിന്റെ ഭാഗമായുള്ളത് വേറെയുമുണ്ട്. ഇതിന്റെയൊക്കെ ഭാഗമായാണ് തകർന്ന വീടുകളുടെ പണി നടക്കുന്നത്. ഇതെല്ലാം വ്യക്തമാക്കപ്പെട്ടതാണ്. കണക്കുകളുടെ അടിസ്ഥാനത്തിൽ ഇവിടെ പറഞ്ഞതാണ്. ഈ വർഷത്തെ സ്പിൽ ഓവർ വർക്കുകൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ട്രഷറിയിൽ കുറച്ച് ക്യൂ ബില്ലുകളിൽ സംഖ്യ വന്നിട്ടുണ്ട്. അത് റിലീസ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കുള്ള പ്ലാൻ 120 ശതമാനം എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പണം കണ്ടെത്തുന്നതിലൂടെ നേരത്തെ പറഞ്ഞ പഞ്ചായത്തുകളുടെ അധിക വിഭവത്തിന്റെയൊക്കെ ഭാഗമായ പ്രശ്നം പരിഹരിക്കാൻ നമുക്കാകും.

ശ്രീ. എം. വിൻസെന്റ്: സർ, കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്നത് സങ്കേതം എന്ന ഫ്രീ സോഫ്റ്റ്‌വെയറായിരുന്നു.

അത് മാറ്റി ഐ.ബി.പി.എം.എസ്. എന്ന സ്വകാര്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുണ്ടോ; അത് പൈലറ്റായി തിരുവനന്തപുരത്ത് ഉപയോഗിച്ചപ്പോൾ വ്യാപകമായ പരാതി ഉയർന്ന സാഹചര്യത്തിൽ ആ ശ്രമം ഉപേക്ഷിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, അത് ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അഴിമതി രഹിതമായും സുതാര്യമായും നൽകുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് ആലോചിച്ചത്. നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിശ്ചയിക്കുകയും അവർ ടെണ്ടർ ക്ഷണിച്ച് ഐ.ബി.പി.എം.എസ്.-നുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ കണ്ടെത്തുകയും അത് പരീക്ഷണാർത്ഥം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി 9 സ്ഥലത്ത് നടക്കുകയാണ്. സംഘടിതമായി അത് പരാജയപ്പെടുത്താനുള്ള ശ്രമം ചെറിയ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഏന്തെങ്കിലും ന്യൂനതകളുണ്ടെങ്കിലും ഏത് സോഫ്റ്റ്‌വെയറും കാലത്തിനനുസരിച്ച് ഡെവലപ് ചെയ്യേണ്ടിവരും. അതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് പകരം സംഘടിതമായി പഴുതുകളുള്ള മറ്റ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാൻ കഴിയുന്ന സൗകര്യം ഉണ്ടാക്കണമെന്നുള്ള രീതിയിൽ പരിശ്രമം നടന്നിട്ടുണ്ട്.

ഈ സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തി കെട്ടിട നിർമ്മാണ അനുമതി സുതാര്യമായും അഴിമതിരഹിതമായും നടത്തണമെന്നുള്ള നിലപാടുതന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)